LIBRARY ARCHIVES Kerala Legislative Assembly

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

*15 [105] ശ്രീ. കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിമ്മിൽ ധാരണാ പത്രം ഒപ്പിട്ട എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ എത്ര കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്ത് ഉണ്ടായെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുമൂലം എത്ര പേർക്ക് കൂടുതലായി തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇനിയും ആരംഭിക്കുവാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ജിമ്മിൽ ധാരണാപത്രം ഒപ്പുവച്ച 11 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഇതിലൂടെ 121.25 കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടായിട്ടുണ്ട്.

(സി) 857 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വിഴിഞ്ഞം തുറമുഖത്ത് ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

*16 [106] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്ത് ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ടെർമിനൽ സ്ഥാപിക്കുന്നതിന് നിക്ഷേപകരുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടാൻ പദ്ധതിയുണ്ടോ;

(സി) ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ മുതൽമുടക്ക് വരുമെന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്. ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോല ചെന്നൈയിലെ എൽ ആന്റ് ടി റാംബോൾ കൺസൾട്ടിംഗ് എൻജിനീയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് താമസിയാതെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഒരു നിക്ഷേപക സമ്മേളനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ട് ലഭ്യമായശേഷമേ മുതൽമുടക്ക് സംബന്ധിച്ച് ഖണ്ഡിതമായി പറയുവാൻ കഴിയുകയുള്ളു. ആദ്യഘട്ടത്തിൽ ഏകദേശം 1830 കോട് രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

സംയുക്ത മേഖലയിൽ കരിമണൽ ഖനന പദ്ധതി

*17 [107] ശ്രീ. ടി. കെ. ദേവകുമാർ:
,, സാജു പോൾ:
,, രാജു എബ്രഹാം:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയുക്ത മേഖലയിൽ കരിമണൽ ഖനനം നടത്താനുള്ള പദ്ധതിക്ക് അനുമതി തേടിക്കൊണ്ടുള്ള സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) ചട്ടങ്ങൾക്കുവിരുദ്ധമായതിനാൽ സംസ്ഥാന ഗവൺമെന്റ് അയച്ച പദ്ധതി നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് തിരിച്ചയയ്ക്കുകയുണ്ടായോ;

(സി) എന്തെല്ലാം ന്യൂനതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നിർദ്ദേശം ഖനി മന്ത്രാലയത്തിൽ നിന്നും തിരിച്ചയച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) തീരപ്രദേശത്തെ ജനങ്ങളെ സാരമായി ബാധിക്കുന്നതും വിവാദങ്ങൾക്ക് ഇടനൽകിയതുമായ കരിമണൽ ഖനന പദ്ധതി ഉപേക്ഷിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly